(ബി) സന്ദർശനത്തിനായി പാസ് നൽകിയത് എപ്രകാരമൊക്കെയായിരുന്നു;

(സി) എത്ര പേർക്കാണ് പാസ് നൽകിയത്;

(ഡി) എത്ര അന്യ സംസ്ഥാനക്കാർക്കാണ് പാസ് നൽകിയത്;

(ഇ) സ്ഥിരമായി അഗസ്ത്യാർകൂട സന്ദർശനം നടത്തിവരുന്ന കേരളീയർക്ക് മുഴുവൻ പാസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം 2015 ജനുവരി 15 മുതൽ 2015 ഫെബ്രുവരി 17 വരെയുള്ള 34 ദിവസം പൊതുജനങ്ങൾക്കായി അഗസ്ത്യാർകൂടം സന്ദർശനത്തിന് അനുമതി നൽകിയിരുന്നു.

(ബി) കേരള സംസ്ഥാന ഐ.റ്റി. മിഷന്റെ സഹായത്തോടുകൂടി അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈൻ സംവിധാനം ഉപയോഗിച്ചാണ് സന്ദർശനത്തിനുള്ള പാസ് നൽകിയത്.

(സി) പ്രതിദിനം 100 പേർക്ക് എന്ന കണക്കിൽ 3400 പേർക്ക് പാസ് നൽകുകയുണ്ടായി.

(ഡി) പോണ്ടിച്ചേരി സംസ്ഥാനത്തിൽപ്പെട്ട 6 പേർക്കും തമിഴ്നാട് സംസ്ഥാനത്തിൽപ്പെട്ട 518 പേർക്കും കർണ്ണാടക സംസ്ഥാനത്തിൽപ്പെട്ട 17 പേർക്കും പാസ് അനുവദിക്കുകയുണ്ടായി.

(ഇ) അഗസ്ത്യാർകൂടം സ്ഥിരം സന്ദർശനം നടത്തി വരുന്നവരുടെ വിവരങ്ങൾ വനം വകുപ്പിൽ ലഭ്യമല്ല. മാത്രമല്ല, സന്ദർശനാനുമതി നൽകുന്ന കാലയളവിൽ പ്രതിദിനം പരമാവധി 100 ആൾക്കാരെ ഉൾക്കൊള്ളിക്കുന്നതിനുള്ള സൗകര്യങ്ങൾ മാത്രമേ ഇടത്താവളമായ അതിരുമലയിൽ ഉള്ളൂ. ഇതിൽ കൂടുതൽ ആൾക്കാരെ സന്ദർശിക്കുവാൻ അനുവദിക്കുന്നത് പരിസ്ഥിതി സംരക്ഷണത്തെ മുൻനിർത്തിയും അഭിലഷണീയമല്ല.

മിഷൻ 676-ൽ പരിസ്ഥിതി സംരക്ഷണം

268 (274) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പൊതുജന പങ്കാളിത്തത്തോടെ പരിസ്ഥിതി സംരക്ഷണം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം 2014 ജൂൺ 3-ാം തീയതി രാവിലെ കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് സംസ്ഥാന മുഖ്യമന്ത്രി നിർവ്വഹിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് രാവിലെ 10.30-നും 11.30-നും ഇടയിൽ 10 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ട പരിപാലിക്കുന്ന "ഹരിതശ്രീ" പദ്ധതി നടപ്പിലാക്കി.

(സി) വനം-പരിസ്ഥിതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടേയും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, സാമൂഹ്യ വനവൽക്കരണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ്, കുടുംബശ്രീ, പരിസ്ഥിതി ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെയും വിവിധ തലത്തിലുള്ള കൂടിയാലോചനകളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിയത്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശം സ്വീകരിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും സാമൂഹ്യ വനവൽക്കരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹരിതശ്രീ പോർട്ടൽ ആരംഭിച്ചു.

(ഡി) ഹരിതശ്രീ പദ്ധതിയുടെ നിർവ്വഹണച്ചുമതല സാമൂഹ്യവനവൽക്കരണ വകുപ്പിനും കുടുംബശ്രീ യൂണിറ്റുകൾക്കും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകി. പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി വനം-പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ശ്രീ. ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കമ്മിറ്റി രൂപീകരിച്ചു. പദ്ധതിക്ക് 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

992/2018

LIBRARY ARCHIVES Kerala Legislative Assembly